(Pages : 6) **R – 7330**

Reg. No. : .............................

Name : ..................................

# Second Semester M.A. Degree Examination, November 2023

## Malayalam Language and Literature

## ML 222 : ആധുനികസാഹിത്യം - പദ്യം

## (2019 Admission Onwards)

Time : 3 Hours Max. Marks : 75

I. **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) 'മാണിക്യമാമലയിൽ മഞ്ജു ജലക്കുളത്തിൽ
കോണിൽക്കുരുത്തുവളരും ചെറുകൈതതന്മേൽ
കാണക്കൊതിക്കവിലസുന്നസുമത്തെവെല്ലും
കായത്തെയൊന്നുകണികാണ്മതിനെന്നുകിട്ടും' - വ്യാഖ്യാനിക്കുക.

അല്ലെങ്കിൽ

(b) 'ദൈവമേ കൈതൊഴാം' എന്ന രചനയിൽ ബാലകവിതയ്ക്കുവേണ്ട എന്തെല്ലാം ഗുണങ്ങൾ ഇണങ്ങിയിരിക്കുന്നു എന്ന് കണ്ടെത്തുക.

2. (a) 'ഇഷ്ടപ്രാണേശ്വരിയുടെ വിയോഗത്തിനാലും നരേന്ദ്ര-
ദ്വിഷ്ടത്വത്താലൊരുവനുളവാം മാനനഷ്ടത്തിനാലും
കഷ്ടപ്പെട്ടപ്പുരുഷനൊരു നാലഞ്ചുകൊല്ലം കഴിച്ചാൻ
ദിഷ്ടക്കേടാൽ വരുവതുപരിഹാരമില്ലാത്തതല്ലോ'
- സന്ദർഭത്തോടിണക്കി വ്യാഖ്യാനിക്കുക.

അല്ലെങ്കിൽ

(b) 'എല്ലാവരും നമ്മൾ മാനുഷന്മാ-
രല്ലാതെ മാടും മരവുമല്ല' സംവാദസ്വഭാവം വ്യക്തമാക്കുക.

P.T.O.

3. (a) 'അറിവിന്നളവില്ലാതേ
തറിയാ, മറിവായതും വിളങ്ങുന്നു
അറിവിലെഴുന്നകിനാവീ-
ങ്ങറിവായിടുന്നവണ്ണമങ്ങെല്ലാം'
- വ്യാഖ്യാനിക്കുക

അല്ലെങ്കിൽ

(b) വെണ്മണിക്കവിതകളുടെ മുഖമുദ്രയാണ് ഛായാശ്ലോകങ്ങൾ - ഉദാഹരണസഹിതം വിശദീകരിക്കുക.

4. (a) 'നാട്ടാരെല്ലാം വിഷുചിലഹളയിലുതിരും
കാലം, അദ്ദീനമായ്ത്തൻ
കൂട്ടാളയ്യോ കഴിഞ്ഞീടിനകഥ, വലുതാ-
യുള്ള വർഷാനിശീഥം
കേട്ടാലാരും ഭയംകൊണ്ടിളകിമറിയുമീ-
വേളയിൽ കഷ്ടമായാൾ
നീട്ടാനും കൂടിവയ്യതെരിയുമൊരുവി
ളക്കിന്റെ നേരിട്ടിരുന്നു'
- സന്ദർഭവും ആശയവും വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) 'ഈശ്വരൻ തന്നുടെ രാജധാനിയിൽ
ബലത്തിനായ് തീർത്തൊരു കോട്ട താനിതോ
അതിങ്കലിസ്സന്ധ്യയുമർക്കമൂർത്തിയാൽ
പതിച്ചിടുന്നോ പുതുതാഴികക്കുടം'
- വ്യാഖ്യാനിക്കുക

5. (a) 'ശാന്തവീചിയതിൽ വീചിപോലെസം-

ക്രാന്തഹസ്തമുടൽചേർന്നു തങ്ങളിൽ

കാന്തനാദമൊടു നാദമെന്നപോൽ

കാന്തിയോടപരകാന്തിപോലെയും'

- സന്ദർഭവും ആശയവും വിശദീകരിക്കുക.

അല്ലെങ്കിൽ

(b) 'പാപത്തിൻ കാറ്റേ പൊറാത്തഗൃഹേശ്വരൻ

പാഥസ്സു നൽകാത്ത ദിവ്യപാദം - ആരെക്കുറിച്ച്, സന്ദർഭമെന്ത് ?

6. (a) 'ഇക്കമ്രതടാകത്തിൻ കല്പടവൊന്നിന്മീതേ

നിൽക്കുന്നുവിളക്കുമായ നീരദശ്യാമാംഗി നീ'

- വർണ്ണിക്കുന്നതാരെ, സാരസ്യം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) 'കുഴിവെട്ടിമൂടുക വേദനകൾ

കുതികൊൾകശക്തിയിലേക്കു നമ്മൾ' - ഈ ചിന്തയുടെ സന്ദർഭമെന്ത് ?

7. (a) 'നിന്നിലെ നിത്യകൌമാരയാം മറ്റൊരു

നിന്നെയാണഞ്ഞുഞാൻ കണ്ടതുമത്സഖീ'

- എന്നു ചിന്തിക്കാൻ കാരണമെന്ത് ?

അല്ലെങ്കിൽ

(b) 'നരരൂപം കൊക്കൊണ്ട

പേപ്പിശാചുക്കളി-

ലിഴുകിപ്പിടിക്കയായ് നാടിൻരക്തം' - വർണ്ണിക്കുന്നത് എന്ത് ?

**(7 × 3 = 21 Marks)**

II. **നന്നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) വെണ്മണിപ്രസ്ഥാനത്തിന്റെ സവിശേഷതകൾ ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) ഏ.ആറിന്റെ കാല്പനികവ്യക്തിത്വം മലയവിലാസത്തിൽ എത്രത്തോളം പ്രകടമാകുന്നുവെന്ന് വിലയിരുത്തുക.

9. (a) നിയോ-ക്ലാസ്സിക് കാവ്യമാതൃകകൾക്ക് പ്രതിഷ്ഠ നൽകിയ കവിയാണ് കേരളവർമ്മ മയൂരസന്ദേശത്തെ മുൻനിർത്തി സ്വമതം സ്ഥാപിക്കുക.

അല്ലെങ്കിൽ

(b) കാല്പനിക പ്രണയത്തിന്റെ ഭാവതീവ്രത നളിനിയിൽ ചിത്രീകരിക്കുന്നതെങ്ങനെ?

10. (a) 'അപ്പോഴപ്പോഴുള്ള വൈകാരികചോദനകൾ സംഗീതമധുരമായ ഗീതങ്ങൾക്കു രൂപം നൽകുന്ന ഒരു സർഗ്ഗപ്രക്രിയയാണ് ചങ്ങമ്പുഴക്കവിത' സ്പന്ദിക്കുന്ന അസ്ഥിമാടത്തെ മുൻനിർത്തി പരിശോധിക്കുക.

അല്ലെങ്കിൽ

(b) നിസ്വജനതയോടുള്ള പക്ഷപാതവും വിമോചനസ്വപ്നങ്ങളും ഇടശ്ശേരി പണിമുടക്കത്തിൽ ചിത്രീകരിക്കുന്നതെങ്ങനെ?

11. (a) ആധുനികതയുടെ വിധ്വംസകമുഖമാണ് കക്കാടിന്റെ പട്ടിപ്പാട്ട് - വിലയിരുത്തുക.

അല്ലെങ്കിൽ

(b) എൻ.വി. കൃഷ്ണവാര്യരും എം. ഗോവിന്ദനും ആധുനികകവിതയിൽ വിച്ഛേദം അടയാളപ്പെടുത്തിയതെങ്ങനെയെല്ലാം?

12. (a) മാനവികതയുടെ ശക്തിഗാഥകൾ തീർത്ത കവികളെയാണ് പുതിയ കൊല്ലനും പുതിയൊരാലയും, ആദ്യത്തെ തീവണ്ടി എന്നീ കവിതകളിൽ കാണുന്നത് - വിലയിരുത്തുക.

അല്ലെങ്കിൽ

(b) സ്ത്രീദുഃഖത്തിന്റെ രാഷ്ട്രീയഭൂപടം സുഗതകുമാരി വരച്ചിടുന്നതെങ്ങനെ?

**(5 × 6 = 30 Marks)**

III. **അയ്യഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) വ്യത്യസ്ത കാവ്യപാരമ്പര്യങ്ങൾ തമ്മിലുള്ള പരസ്പരസ്വാധീനതയും സംഘർഷങ്ങളുമാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിലെ മലയാളകവിതയിൽ കാണാൻ കഴിയുന്നത്. പാഠഭാഗങ്ങളെ മുൻനിർത്തി ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) വിലാപകാവ്യപ്രസ്ഥാനത്തിന്റെ ചരിത്രം വിശദീകരിച്ച്, അതിൽ കണ്ണുനീർത്തുള്ളിക്കുള്ള വ്യതിരിക്തത വ്യക്തമാക്കുക.

14. (a) ആശാന്റെയും വള്ളത്തോളിന്റെയും കാല്പനിക മനോഭാവങ്ങൾക്ക് തമ്മിലുള്ള വ്യത്യയം പാഠഭാഗങ്ങളെ ആസ്പദമാക്കി ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) പ്രകൃതി, മാനവികത, അപാരത ഇവയെ അനുഭൂതി സാന്ദ്രമാക്കിയ കവിയാണ് ജി. വിശ്വദർശനത്തെ മുൻനിർത്തി വിശദീകരിക്കുക.

15. (a) മലയാളകവിതയിലെ അരുണദശകത്തിന്റെ പ്രത്യേകതകൾ വിമർശനദൃഷ്ട്യാ വിലയിരുത്തുക.

അല്ലെങ്കിൽ

(b) മഹാകവി പി.യുടെയും വൈലോപ്പിള്ളിയുടെയും കാവ്യരീതികൾ താരതമ്യം ചെയ്യുക.

**(3 × 8 = 24 Marks)**

---